## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 79 28/02/2018 -ൽ മറുപടി

### ജലസേചനം ആധുനികവല്ക്കരിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | | മാത്യു റ്റി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ)കേരളത്തിൽ ലോകബാങ്ക്, മറ്റ് വിദേശ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ ജലസേചന വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) കേരളത്തിലെ തനതു വരുമാനം കാർഷിക അടിസ്ഥാന സൗകര്യവികസനത്തിന് അപര്യാപ്തമാകുന്ന നിലവിലെ സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിലേയ്ക്കായി ജലസേചനം ആധുനികവല്ക്കരിക്കുന്നതിന് ലോകബാങ്കിന്റെയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയോ സാമ്പത്തിക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ? | (എ) യും (ബി) യും | കേരളത്തിൽ ലോകബാങ്ക് സഹായത്തോടെ ജലസേചന വകുപ്പിന് കീഴിലുള്ള 16 ഡാമുകളുടെ പുനരുദ്ധാരണത്തിനായുള്ള ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP – Phase II) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുക അതു വഴി കാര്യക്ഷമമായ ജലസേചന സൗകര്യം ഉറപ്പു വരുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.<br><br>മലമ്പുഴ , പോത്തുണ്ടി, മലങ്കര, ചിമ്മിനി, പഴശ്ശി, പെരിയാർ വാലി, ചുള്ളിയാർ, മീൻകര , കാഞ്ഞിരപ്പുഴ, മൂലത്തറ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ ഡാമുകൾ / ബാരേജുകൾ / റെഗുലേറ്ററുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു കൂടാതെ വാട്ടർ റിസോഴ്സസ് അക്വിസിഷൻ സിസ്റ്റം , വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം, വാട്ടർ റിസോഴ്സസ് ഓപ്പറേഷൻ |

ആന്റ് പ്ലാനിംഗ് , ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്ന, 50% വീതം ലോകബാങ്കിന്റെയുംകേന്ദ്രസർക്കാരിന്റെയും ധനസഹായത്തോടെയുള്ള നാഷണൽ ഹൈഡ്രോളജി പ്രോജക്ടും നടപ്പാക്കി വരുന്നു.

ജലസേചന സൗകര്യം ആധുനികവല്ക്കരിക്കുന്നതിന് വിദേശ സഹായത്തോടെ നടപ്പാക്കുന്ന, മേൽ പറഞ്ഞ രണ്ട് പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇത്തരത്തിൽ പുതിയ പദ്ധതികൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം അവ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ